ജനസമ്പർക്ക പരിപാടി

35(5) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി ജില്ലകളിൽ നടത്തിയ ജനസമ്പർക്ക പരിപാടികൾ എത്രയായിരുന്നു;

(ബി) എ.പി.എൽ. കാർഡ് ബി.പി.എൽ. ആക്കി മാറ്റുന്നതിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര; ഓരോ ജനസമ്പർക്ക പരിപാടിയിലും ഇതിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(സി) ഇതിൽ, എത്ര പേരുടെ കാർഡുകൾ ബി.പി.എൽ. ആക്കി മാറ്റി എന്ന് അറിയിക്കാമോ;

(ഡി) ഇക്കാര്യത്തിൽ, കളക്ടർമാർക്ക് അധികാരം നൽകി ഉത്തരവായിട്ടുണ്ടോ; എങ്കിൽ എപ്പോൾ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) നിലവിൽ ബി.പി.എൽ. ആക്കി മാറ്റുന്നതിനുള്ള എ.പി.എൽ.-കാരുടെ അപേക്ഷകൾ തീർപ്പാക്കാൻ ബാക്കി നില്പുണ്ടോ; എങ്കിൽ എത്ര;

(എഫ്) ഇക്കാര്യത്തിൽ, സമയബന്ധിതമായി തീരുമാനം എടുക്കാത്തതിന്റെ പേരിൽ ഏതെങ്കിലും കളക്ടർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, വ്യക്തമാക്കാമോ;

(ജി) ഇപ്രകാരം താഴെത്തട്ടിലുള്ള അധികാരം മുഖ്യമന്ത്രി ഉപയോഗിക്കാൻ തുടങ്ങിയതിൽ പിന്നെ താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥന്മാർ പ്രസ്തുത അധികാരം ഇപ്പോൾ വിനിയോഗിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) എല്ലാ ജില്ലകളിലും 2011, 2013, 2015 എന്നീ വർഷങ്ങളിലായി 3 തവണ വീതം ഈ പരിപാടി നടത്തിയിട്ടുണ്ട്.

(ബി) 2,60,728 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) 42,892 പേരുടെ കാർഡുകൾ ബി.പി.എൽ. ആക്കി മാറ്റിയിട്ടുണ്ട്.

(ഡി) ഉണ്ട്. അനുബന്ധമായി ചേർക്കുന്നു*.

(ഇ) 36,329 പേരുടെ അപേക്ഷകൾ തീർപ്പാക്കാൻ ബാക്കി നില്പുണ്ട്.

(എഫ് & ജി) ഇല്ല.

ശമ്പള കമ്മീഷൻ ശിപാർശ

36(6) ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും ശമ്പള കമ്മീഷൻ ശിപാർശ ചെയ്ത ശമ്പള സ്കെയിലുകളും മറ്റാനുകൂല്യങ്ങളും പരിമിതപ്പെടുത്തി എന്ന ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളിലെ ശമ്പള സ്കെയിലുകളും ആനുകൂല്യങ്ങളുമാണ് പരിമിത പ്പെടുത്തിയതെന്നും, ഇവർക്ക് ശമ്പള കമ്മീഷൻ ശിപാർശ ചെയ്ത ആനുകൂല്യങ്ങളും പരിമിതപ്പെടുത്തിയ ആനുകൂല്യങ്ങളും എത്ര വീതമാണെന്ന് വിശദമാക്കുമോ;

(ബി) പരിമിതപ്പെടുത്തിയ ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ചെലവ് കുറയ്ക്കുന്നതിനുമായി ശമ്പള കമ്മീഷൻ എന്തെങ്കിലും തരത്തിലുള്ള ശിപാർശകൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ശുപാർശകൾ എന്തെല്ലാം; ഈശിപാർശകൾ നടപ്പാക്കുന്നതു സംബന്ധിച്ചുള്ള തീരുമാനം എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം എ-യുടെ മറുപടിയുടെ വെളിച്ചത്തിൽ പ്രസക്തമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly